പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4937 30.06.2014-ൽ മറുപടിയ്ക്ക്

## മുന്നോക്കസമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. പാലോട് രവി | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഏതെല്ലാം പദ്ധതികളാണ് മുന്നോക്കസമുദായ ക്ഷേമ കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ; | (എ) | 2013-14 സാമ്പത്തിക വർഷത്തിൽ സ്കോളർഷിപ്പ് സ്കീമുകൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന സഹായ പദ്ധതി (കോച്ചിംഗ് അസിസ്റ്റൻസ് സ്കീം), ഡാറ്റാ ബാങ്ക് സർവ്വേ, മൂലധനസഹായം ഉപയോഗപ്പെടുത്തി തൊഴിൽരഹിതരായ സംരംഭകർക്കായുള്ള ടേം ലോൺ അസിസ്റ്റൻസ് സ്കീം, ഭവനരഹിതരായവർക്കുള്ള ഭവനനിർമ്മാണ സഹായ സ്കീം എന്നീ പദ്ധതികളാണ് മുന്നോക്കസമുദായ ക്ഷേമ കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.<br><br>2014-15 വർഷത്തിൽ സ്കോളർഷിപ്പ് സ്കീമുകൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന സഹായ പദ്ധതി (കോച്ചിംഗ് അസിസ്റ്റൻസ് സ്കീം), സ്വയം തൊഴിൽ സംരംഭത്തിനായുള്ള ടേം ലോൺ അസിസ്റ്റൻസ് സ്കീം എന്നീ പദ്ധതികളാണ് നാളിതുവരെ മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം നടപ്പിലാക്കി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | 2013-14 സാമ്പത്തികവർഷത്തിൽ മെരിറ്റ് സ്കോളർഷിപ്പ് സ്കീമുകൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന സഹായ |

| | | | |
|---|---|---|---|
| | | | പദ്ധതി, മുന്നോക്ക സമുദായങ്ങളുടെ വിവരശേഖരണത്തിനായുള്ള ഡാറ്റാ ബാങ്ക് നിർമ്മാണം എന്നിവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2014-15 സാമ്പത്തിക വർഷത്തിൽ 1.40 കോടി ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന സഹായ പദ്ധതി (കോച്ചിംഗ് അസിസ്റ്റൻസ് സ്കീം) -ക്ക് 17.06.2014-ലെ സ.ഉ.(സാധാ) 4741/2014/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും ജില്ല തിരിച്ചുള്ള വിവരം കോർപ്പറേഷൻ തയ്യാറാക്കിയിട്ടില്ല. |
| (സി) | നിലവിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ എത്ര രൂപയാണ് കോർപ്പറേഷന് അനുവദിച്ചിട്ടുള്ളത് : | (സി) | 2012-13 സാമ്പത്തികവർഷത്തിൽ 50 ലക്ഷം രൂപ പദ്ധതിയേതര വിഹിതമായി അനുവദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 25 കോടി രൂപയും പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 68,10,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കോർപ്പറേഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് : | (ഡി) | കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 4 ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരിയും ദിവസ വേതനാടിസ്ഥാനത്തിൽ 5 ജീവനക്കാരും ഇപ്പോൾ നിലവിലുണ്ട്. കൂടാതെ മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ ചെയർമാന്റെ ഓഫീസിൽ പ്രൈവറ്റ് സെക്രട്ടറി, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ ഓരോ ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അവരുടെ സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ : | (ഇ) | പ്രസ്തുത വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്വന്തമായി വീടില്ലാത്തവർക്ക് വീട് വച്ച് നൽകാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ : | (എഫ്), (ജി) & (എച്ച്) | മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ സ്വന്തമായി വീടില്ലാത്തവർക്കും, വീടും സ്ഥലവും ഇല്ലാത്തവർക്കും വീട് വയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിലേയ്ക്കായി 3 കോടി രൂപയുടെ പദ്ധതി 2013-14 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 2013-14 വർഷത്തെ പദ്ധതിരേഖയിൽ ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുവാൻ കഴിയാതെ വന്നു. |
| (ജി) | മുന്നോക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം നൽകുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ : | | |
| (എച്ച്) | മേൽപ്പറഞ്ഞ രണ്ട് നിർദ്ദേശങ്ങളിന്മേലും അനുകൂല നടപടി സ്വീകരിക്കുമോ : | | |
| (ഐ) | അഗ്രഹാരങ്ങൾ, അഗരങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുന്നുവെന്നു വ്യക്തമാക്കുമോ ? | (ഐ) | ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

us 4937

അനുബന്ധം

## കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഓഫീസിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ക്രമ നം. | തസ്തിക | നിയമനരീതി | ശമ്പള സ്കെയിൽ/ നിരക്ക് |
|---|---|---|---|
| 1 | ജനറൽ മാനേജർ | പൊതുഭരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ | ₹ 29180-43640 |
| 2 | അസിസ്റ്റന്റ് മാനേജർ | പൊതുഭരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ | ₹ 18740-33680 |
| 3 | അസിസ്റ്റന്റുമാർ (2) | പൊതുഭരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ | ₹ 13210-22360 |
| 4 | ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി | ക്യാബിനറ്റ് റാങ്കോടുകൂടിയ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ് | ₹ 40640-57440 +300 Spl |
| 5 | ഓഫീസ് അറ്റൻഡന്റ് | ക്യാബിനറ്റ് റാങ്കോടുകൂടിയ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ് | ₹ 8500-13210 |
| 6 | ഡ്രൈവർ | ക്യാബിനറ്റ് റാങ്കോടുകൂടിയ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ് | ₹ 8500-13210 |
| 7 | പ്രോജക്ട് കൺസൾട്ടന്റ് | കരാറടിസ്ഥാനത്തിൽ | പ്രതിമാസം ₹ 25000/- |
| 8 | മാനേജിംഗ് ഡയറക്ടറുടെ പി.എ | ദിവസ വേതനാടിസ്ഥാനത്തിൽ | പ്രതിദിനം ₹ 350/- |
| 9 | നൈറ്റ് വാച്ച്മാൻ | ദിവസ വേതനാടിസ്ഥാനത്തിൽ | പ്രതിദിനം ₹ 300/- |
| 10 | പ്യൂൺ (2) | ദിവസ വേതനാടിസ്ഥാനത്തിൽ | പ്രതിദിനം ₹ 300/- |
| 11 | ഫുൾടൈം സ്വീപ്പർ | ദിവസ വേതനാടിസ്ഥാനത്തിൽ | പ്രതിദിനം ₹ 300/- |

സെക്ഷൻ ഓഫീസർ.